(എഫ്) ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടിക്കുള്ള കേന്ദ്ര ധനസഹായം 2004 മാർച്ചു മാസത്തോടെ അവസാനിച്ചു. ആയതിനാൽ പ്രസ്തുത പരിപാടിയിലെ ജീവനക്കാരെ പൊതുജനാരോഗ്യവിഭാഗം ജീവനക്കാരുമായി സംയോജിപ്പിക്കുവാനുള്ള നയപരമായ തീരുമാനം സർക്കാർ കൈക്കൊണ്ടിരുന്നു. പ്രസ്തുത ജീവനക്കാരെ സർക്കാർ തീരുമാനമനുസരിച്ച് പൊതുജനാരോഗ്യവകുപ്പിലേക്ക് സംയോജിപ്പിക്കുന്നതിനുള്ള നടപടിയെടുത്തുവരുന്നു. പ്രസ്തുത സംയോജനത്തിനാവശ്യമായ ഒഴിവുകൾ നിലനിറുത്തേണ്ടതിനാൽ തൽക്കാലം പി. എസ്. സി. ലിസ്റ്റിൽ നിന്ന് നിയമനം നടത്താൻ കഴിയുകയില്ല.

കോളേജ് അദ്ധ്യാപകരുടെ പ്രായപരിധി

39 [3416] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജ് അദ്ധ്യാപകരുടെ ഒഴിവുകൾ ഉണ്ടായിരുന്നിട്ടും ഇതുവരെ പി. എസ്. സി. അപേക്ഷ ക്ഷണിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പി. എസ്. സി. എന്നാണ് ഈ തസ്തികകളിലേക്ക് അവസാനമായി അപേക്ഷ ക്ഷണിച്ചത്;

(സി) അപേക്ഷ പി. എസ്. സി. ക്ഷണിക്കാൻ താമസിച്ചതുകൊണ്ട് ഉന്നത വിദ്യാഭ്യാസമുള്ള നിരവധി ആളുകൾക്ക് പ്രായപരിധി കഴിഞ്ഞതിനാൽ 2004-ലെ പി. എസ്. സി. വിജ്ഞാപന പ്രകാരം അപേക്ഷിക്കാൻ സാധിച്ചിട്ടില്ലായെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിനാൽ അർഹത ഉള്ളവർക്ക് പി. എസ്. സി. അപേക്ഷ സമർപ്പിക്കുന്നതിനായി സർക്കാർ കോളേജുകളിലെ അദ്ധ്യാപകരുടെ പ്രായപരിധി 40 വയസ്സ് ആക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) കോളേജുകളിൽ നിന്നും പ്രീഡിഗ്രി വേർപ്പെടുത്തിയതിനാൽ 1997 മുതൽ നിയമന നിരോധനം ഉണ്ടായിരിക്കുന്നതിനാലാണ് അപേക്ഷ ക്ഷണിക്കാതിരുന്നത്. 17-2-2004-ലെ ഗസറ്റ് വിജ്ഞാപന പ്രകാരം 17 വിഷയങ്ങളിൽ ലക്ചറർ നിയമനത്തിന് പി. എസ്. സി. അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

(സി) സർക്കാർ ആർട്ട്സ് ആൻഡ് സയൻസ് കോളേജുകളിലേയും സംസ്കൃത കോളേജുകളിലേയും ലക്ചറർ നിയമനത്തിനുള്ള പ്രായ പരിധി 35 വയസ്സിൽ നിന്നും 40 വയസ്സായി 1-1-2004 മുതൽ പൂർവ്വകാല പ്രാബല്യത്തോടെ രണ്ട് വർഷത്തേക്ക് ഉയർത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly